പ്രതികരണം
●
ശിഹാബ് പൂക്കോട്ടൂർ

# സൂഫിയയും നസീറും ആരാന്റവിട സമുദായവും

**2001** സെപ്റ്റംബർ 11-നു ശേഷം ലോകത്തെ ഏറ്റവും വലിയ ഫാഷനായി മാറിയിരിക്കുകയാണ് ഭീകരവിരുദ്ധ പോരാട്ടങ്ങളും ഭീകരവാദ ആരോപണങ്ങളും. ഏതു രാജ്യവും മറ്റൊരു രാജ്യവുമായി കരാറിലേർപ്പെടുമ്പോൾ അതിലൊരു വിഷയം ഭീകരവിരുദ്ധ പോരാട്ടത്തിൽ സഹകരിക്കുമെന്നതായിരിക്കും. കമ്യൂണിസത്തിനു ശേഷം 'ഭീകരവാദം' ഒരു ബദൽ പ്രത്യയശാസ്ത്രമായി ഉയർത്തപ്പെട്ടിരിക്കുന്നു. ഇന്ത്യൻ, അമേരിക്കൻ, റഷ്യൻ കരാറുകളെല്ലാം ഈ 'ഫാഷനെ' അടിസ്ഥാനപ്പെടുത്തി നിലവിൽ വന്നതാണ്. ഇന്ത്യയിൽ നിരവധി സ്ഫോടന പരമ്പരകൾ അരങ്ങേറിയിട്ടുണ്ട്. ഇന്ത്യൻ സേനയും പോലീസും ലശ്കറേ ത്വയ്യിബയുമായും ജയ്ശെ മുഹമ്മദുമായും മുഖാമുഖം ഏറ്റുമുട്ടലുകൾ നടന്നിട്ടുണ്ട്. പലതും ഒറിജിനലിനെ വെല്ലുന്ന വ്യാജനായിരുന്നുവെന്ന് പിന്നീട് തെളിയിക്കപ്പെട്ടിട്ടുണ്ട്. മാലേഗാവ് സ്ഫോടന പരമ്പരയുടെ പിന്നിൽ വർത്തിച്ചത് ഇന്ത്യക്ക് ഇതുവരെ പരിചയമില്ലാത്ത ഭീകരവാദ മസാലകൂട്ടുകളായിരുന്നു. ഭീകരരുടെ നിറവും രുചിയും ഭാഷയും വസ്ത്രവും മണവും നേരത്തെ നിശ്ചയിക്കപ്പെട്ടതിൽനിന്ന് വിരുദ്ധമായിരുന്നു മാലേഗാവ് സ്ഫോടനത്തിൽ അറസ്റ്റിലായ സംഘ്പരിവാർ പൂജാരികൾ! ഇത് അന്വേഷിച്ച് പുറത്തുകൊണ്ടുവന്ന ഹേമന്ദ് കർക്കരെ എന്ന പോലീസ് ഉദ്യോഗസ്ഥൻ മുംബൈ ഭീകരാക്രമണത്തിൽ കൊല്ലപ്പെടുകയുണ്ടായി. ഹേമന്ദ് കർക്കരെയുടെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് രാജ്യം ഭരിക്കുന്ന മന്ത്രിമാർ വരെ പറഞ്ഞു തുടങ്ങിയതാണ്. *ഹൂ കിൽഡ് കർക്കരെ?* എന്ന പുസ്തകത്തിൽ മുശ്രിഫ് പ്രതിപാദിക്കുന്നതും നിരവധി സംശയങ്ങളുടെ ഒരു പട്ടിക തന്നെയാണ്. ആരാണ് ഭീകരർ എന്ന ചോദ്യത്തിന് നിങ്ങൾ ഒരുത്തരമേ പറയാവൂ എന്ന് ഇവിടത്തെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും മീഡിയയും നിഷ്കർഷിച്ചിരിക്കുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മൂവായിരത്തോളം വർഗീയ കലാപങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ കൊല്ലപ്പെട്ടവരും അറസ്റ്റ് ചെയ്ത

പ്പെട്ടവരും ഒരേ സമുദായത്തിൽ പെട്ടവരാണ്.

ശരീഅത്ത് വിവാദവും മണ്ഡൽ വിരുദ്ധ പ്രക്ഷോഭവും ബാബരി മസ്ജിദ് തകർച്ചയും ഇന്ത്യയിലെ പൊതുബോധത്തെ സംശയിക്കുന്നതിന് മുസ്‌ലിം സമുദായത്തെ പ്രേരിപ്പിച്ചിട്ടുണ്ട്. വളരെ പുരോഗമനാത്മകമായ മുഖംമൂടികളണിഞ്ഞവരുടെയുള്ളിലും കൊത്താൻ പാകത്തിൽ പത്തിവിടർത്തി നിൽക്കുന്നത് സവർണതയുടെ വിഷസർപ്പങ്ങളാണ്. മണ്ഡൽവിരുദ്ധ പ്രക്ഷോഭത്തിന് ദൽഹി യൂനിവേഴ്‌സിറ്റിയിലെ വിദ്യാർഥികളെ തെരുവിലിറക്കി ഹിംസാത്മകമായ സമരങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത് മാർക്സിസ്റ്റ് ചരിത്രകാരനായ ബിപിൻ ചന്ദ്രയായിരുന്നു. ഇവിടത്തെ ഭൂരിപക്ഷസമുദായത്തെ കൂടെ നിർത്താൻ സി.പി.എമ്മിന്റെ കേന്ദ്ര കമ്മിറ്റി കൂടിയാലോചിച്ച് നടപ്പിലാക്കിയതായിരുന്നു ശരീഅത്ത് വിവാദം. ഇവിടത്തെ പൊതുമണ്ഡലവും മതേതരത്വവും അധിനിവേശം ചെയ്യപ്പെട്ടവയാണ്. മതേതരത്വത്തിന്റെ മതം ഏതാണെന്നും പൊതുമുഖത്തെ കൈയടക്കിയ ജാതിയേതാണെന്നും തിരിച്ചറിയുമ്പോഴാണ് ന്യൂനപക്ഷ/കീഴാള രാഷ്ട്രീയത്തിന് നിലനിൽപുണ്ടാവുകയുള്ളൂ. ഇവിടത്തെ പൊതുമണ്ഡലത്തിന്റെ മത/ജാതി മൂല്യങ്ങൾ തന്നെയാണ് കമ്യൂണിസ്റ്റ് പാർട്ടിയും പിന്തുടരുന്നത് എന്ന് തെളിയിക്കുന്ന നിരവധി സംഭവങ്ങളിൽ ചിലത് മാത്രമാണ് മണ്ഡൽ വിരുദ്ധ പ്രക്ഷോഭവും ശരീഅത്ത് വിവാദവും. ബാബരിയുടെ തകർച്ചയോടെ പൊതുമണ്ഡലത്തെ ആശ്രയിച്ചു നിന്നിരുന്ന ന്യൂനപക്ഷസമുദായം അക്ഷരാർഥത്തിൽ അരക്ഷിതരായി. ഇവിടത്തെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾക്ക് തങ്ങളെ സംരക്ഷിക്കാൻ കഴിയില്ലെന്ന ബോധം ഇതോടെ വ്യക്തമായി. അങ്ങനെ ന്യൂനപക്ഷ രാഷ്ട്രീയ പാർട്ടികൾ പുതുതായി രൂപീകൃതമായി. മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ, മത സ്ഥാപനങ്ങൾ, പർദ തുടങ്ങിയവ വർധിക്കാൻ തുടങ്ങി. മുസ്‌ലിം മാനേജ്മെന്റുകൾ നടത്തുന്ന പത്രങ്ങളുടെ സർക്കുലേഷൻ കൂടി. മുസ്‌ലിം സ്ത്രീകൾ ധാരാളമായി പർദ ഉപയോഗിച്ചു. മത വസ്ത്രമെന്നതിലുപരി ഇവിടത്തെ പൊതുബോധവുമായി കലഹിക്കുന്ന വസ്ത്രമായി പർദ.

ബാബരിയുടെ തകർച്ചക്കു ശേഷം മുസ്‌ലിംകളിൽ രാഷ്ട്രീയ ബോധം സ്വത്വാടിസ്ഥാനത്തിൽ തന്നെ ശക്തിപ്പെട്ട രണ്ടു സംഭവങ്ങളായിരുന്നു ബട്‌ല ഹൗസ് ഏറ്റുമുട്ടലും ലൗ ജിഹാദ് വിവാദവും. ലൗ ജിഹാദുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന പരിപാടികളിൽ പങ്കെടുത്തവരെയും അതിനെതിരെ പൊതു പ്രസ്താവന നടത്തിയവരെയും ശ്രദ്ധിച്ചാൽ മനസ്സിലാകുന്നത്, കേരളത്തിൽ ശക്തിപ്പെട്ടുവരുന്ന കീഴാള രാഷ്ട്രീയത്തിന്റെ ശക്തമായ അടയാളങ്ങളാണ്. മുസ്‌ലിം സമുദായവും വളരെ ക്രിയാത്മകമായ സമീപനമാണ് ഈ വിഷയങ്ങളോട് സ്വീകരിച്ചിരുന്നത്. *മനോരമ*ക്കെതിരെ പ്രസംഗിക്കാനും അവരുടെ പത്രമാപ്പീസുകൾക്കു മുന്നിൽ പോസ്റ്റർ ഒട്ടിക്കാനും വരെ സമുദായം തയാറായി. ഇവിടത്തെ രാഷ്ട്രീയ പാർട്ടികളെയും മീഡിയയെയും പ്രതിരോധത്തിലാക്കാൻ ഈ ക്രിയാത്മകമായ സമീപനങ്ങൾ കൊണ്ട് സാധിച്ചുവെന്നതാണ് ലൗ ജിഹാദാനന്തര കീഴാള രാഷ്ട്രീയത്തിന്റെ പ്രസക്തി. അത്രമേൽ സുഖകരമല്ലാത്ത പൊതുബോധമാണ് കേരളത്തിൽ നിലവിലുള്ളത്.

നരേന്ദ്രൻ കമീഷൻ റിപ്പോർട്ടിന്റെ സന്ദർഭത്തിൽ ഇതു വളരെ വ്യക്തമായി ബോധ്യപ്പെട്ടതാണ്. ഇപ്പോൾ കോൺഗ്രസ് പാർട്ടിയുടെ അമരത്തിരിക്കുന്ന വ്യക്തി, 'നരേന്ദ്രൻ കമീഷൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ ഞങ്ങൾക്ക് എന്തു കിട്ടു'മെന്നായിരുന്നു അന്ന് ചോദിച്ചത്. 'ഞങ്ങൾ' എന്നതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത് സ്വന്തം ജാതിയെയായിരുന്നു. സവർണമൂല്യങ്ങൾ അരിച്ചിറങ്ങുന്ന ഈഴവ വാർപ്പുമാതൃക

യാണ് എസ്.എൻ.ഡി.പി. ശ്രീനാരായണഗുരുവിനെ സംബന്ധിച്ചുള്ള വിമർശനം, അദ്ദേഹം സവർണ മാതൃകയിൽ കീഴാള നവോത്ഥാനം നടപ്പിലാക്കിയെന്നതാണ്. *കേരള കൗമുദി* പരിശോധിച്ചാൽ ഈ പകർന്നാട്ടം വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. ലൗ ജിഹാദ് വിവാദം കത്തിപ്പടരുമ്പോൾ എൻ.എസ്.എസ്-എസ്.എൻ.ഡി.പി സഖ്യം യാദൃഛികമായിരുന്നില്ല, ചരിത്രപരമായ ഒരനിവാര്യതയായിരുന്നു. കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ വരെ ഈ ഭാഗത്ത് ചേർന്നതും പൊതുബോധത്തിന്റെ ഏക മതം വീർപ്പുമുട്ടി പുറത്തു ചാടിയപ്പോഴായിരുന്നു. ശരീഅത്ത് വിവാദ കാലത്ത് പരലോകത്തെയും മതത്തെയും നാലു കെട്ടുന്നതിനെയും തലേകെട്ടിനെയും ചീത്ത വിളിച്ചു നടന്നിരുന്ന ആൾ ഇസ്‌ലാമിക സ്വത്വപ്രശ്നങ്ങൾ കൈകാര്യം ചെയ്തപ്പോൾ വെറും കുഞ്ഞമ്മദായി മാറിയത് നാം കണ്ടതാണ്. മതേതരനായ 'കെ.ഇ.എന്നി'നും മുസ്‌ലിമായ 'കുഞ്ഞമ്മദിനും' ഒത്തുതീർപ്പുകൾ പാടില്ല. എന്നാൽ കെ.എൻ പണിക്കർക്കതാവാം. എത്ര ഉറക്കെ പ്രഖ്യാപിച്ചാലും കെ.ഇ.എൻ അവസാന വിശകലനത്തിൽ പൊതുമണ്ഡലത്തിനകത്ത് കുഞ്ഞമ്മദാവുന്നതിന്റെ രാഷ്ട്രീയധ്വനി വളരെ വ്യക്തമാണ്. കാരണം കുഞ്ഞമ്മദ് പൊതുമണ്ഡലത്തിനു പുറത്താണ്. അകത്തുകയറാൻ കുഞ്ഞമ്മദിന് കെ.ഇ.എന്നായാൽ മാത്രമേ കഴിയൂ എന്നതാണ് പ്രശ്നം. മുസ്‌ലിംകളെ പൊതുമണ്ഡലത്തിലേക്ക് ശുദ്ധീകരണം നടത്തി എടുക്കാനുള്ള നിയോഗമേറ്റെടുത്ത എം.എൻ കാരശ്ശേരിക്കും പൊതുമണ്ഡലത്തിന്റെ അംഗീകാരം കിട്ടാൻ മുഹ്‌യിദ്ദീൻ നടുക്കണ്ടി എന്നതിന് പകരം 'എം.എൻ' എന്നു തന്നെ ഉപയോഗിക്കണം. കെ.എൻ പണിക്കർക്കും ഇ.എം.എസ് നമ്പൂതിരിപ്പാടിനും എം.ടി വാസുദേവൻ നായർക്കും അതിന്റെ പ്രശ്നമില്ല. കാരണം പ്രത്യേക ജാതിക്കും മതത്തിനുമാണ് നമ്മൾ പൊതുമണ്ഡലം, മതേതരത്വം എന്നൊക്കെ പറഞ്ഞുവരുന്നത്. കെ.എൻ പണിക്കർ 'മതം പൊതുമണ്ഡലത്തിലേക്ക് പ്രവേശിക്കുന്നു' (*മാതൃഭൂമി* ആഴ്ചപ്പതിപ്പ്) എന്ന് പറയുമ്പോഴും പൊതുമണ്ഡലത്തിലേക്ക് പ്രവേശിക്കുന്ന മതം സോളിഡാരിറ്റി പോലുള്ള സംഘടനകളാണെന്ന് വ്യക്തമാണ്. ഇവിടെ പൊതു മണ്ഡലത്തിലേക്ക് പ്രവേശിക്കാൻ അനുമതി ലഭിക്കാത്ത മത, ജാതി സ്വത്വങ്ങൾ ഏതെന്ന് നാം നേരത്തെ നിശ്ചയിച്ചിട്ടുണ്ട്. അതായത് പരിശുദ്ധ 'പൊതു'മണ്ഡലത്തെ സോളിഡാരിറ്റി പിടിച്ചുകുലുക്കുന്നു. സവർണ അധീശ വ്യവസ്ഥ സെക്യുലർ മോഡേണിസത്തിന്റെ മറവിൽ (എം.എൻ കാരശ്ശേരി) സോളിഡാരിറ്റിയെ വിമർശിക്കുന്നു. അപ്പോൾ പണിക്കർ വ്യക്തമാക്കുന്നത് നമ്മുടെ സാമ്പ്രദായിക മാർക്സിസത്തിന്റെ പരിമിതിയാണ്. പൊതുമണ്ഡലത്തെക്കുറിച്ച് പണിക്കർ പുലർത്തുന്ന ധാരണകൾ ഇവിടെ ഊട്ടിയുറപ്പിക്കുന്നത് ബ്രാഹ്മണിക്കൽ ആധിപത്യത്തെയാണ്. വ്യത്യസ്ത മതങ്ങൾ, മത രഹിതർ തുടങ്ങിയവ നിലനിൽക്കുന്ന വളരെ ബഹുസ്വര സ്വഭാവമുള്ള ഇടത്തെയാണ് പൊതുമണ്ഡലം എന്ന സങ്കൽപം നിർമിക്കുന്നത്. അവിടെയാണ് വ്യത്യസ്തതകൾ തമ്മിൽ പരസ്പരം സംവദിക്കുന്ന ജനാധിപത്യം നിലനിൽക്കുന്നത്. ഇവിടെയാണ് മതേതര ആധുനിക മതത്തിന്റെ അടിത്തറയിലുള്ള വിമോചന വഴികളെക്കുറിച്ച് സംസാരിക്കുന്നവരെ ഉൾക്കൊള്ളണം എന്നൊക്കെ പറയാനാവുക. പർദ ധരിക്കുന്ന പെൺകുട്ടിക്ക് ജനാധിപത്യ ബോധത്തിനകത്ത് ഇടം നൽകണം എന്നു പ്രഖ്യാപിക്കാൻ പാകത്തിൽ വിശാലമായ പൊതുസംവാദാന്തരീക്ഷം നിലനിൽക്കണം. അപ്പോൾ നമുക്ക് ബഹുസ്വരതയുടെ താളലയങ്ങൾ അനുഭവപ്പെടും. ബഹുസ്വരതയുടെ താളലയങ്ങൾ ആർക്കാണ് ഏകപക്ഷീയമായി ലഭ്യമായിക്കൊണ്ടിരുന്നത്? ഈ കൊട്ടിഘോഷിക്കപ്പെടുന്ന 'മതേതര ബഹുസ്വര പൊതുമണ്ഡലം' എത്രമേൽ പൊതുവാണ് എന്നതാണ്

ഇവിടത്തെ ന്യൂനപക്ഷ, കീഴാള രാഷ്ട്രീയത്തിന്റെ പ്രശ്നം. യഥാർഥത്തിൽ സർവർക്കും സർവവും സാധ്യമാവുന്ന 'പൊതുമണ്ഡലം' കേരള ചരിത്രത്തിൽ മാർക്സിയൻ നവോത്ഥാനത്തിനു ശേഷവും മരീചികയായി തുടരുന്നു.

ഇന്ത്യയിലെ തീവ്രവാദത്തിന്റെ ഹോൾസെയിൽ നടക്കുന്നത് കേരളത്തിലാണെന്നാണ് ഇവിടെ പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. 'ഉമ്മ കാണാത്ത മയ്യിത്ത്' മുതൽ നിരവധി ഭീകരവേട്ട കേസുകൾ എവിടെയെത്തി, കശ്മീർ റിക്രൂട്ട്മെന്റ് നിലച്ചോ തുടങ്ങിയ തുടർ ചോദ്യങ്ങൾ പോലും ചോദിക്കാൻ പറ്റാത്ത വിധത്തിൽ ഇവിടത്തെ 'പൊതുബോധ'ത്തെ മറവി ബാധിച്ചിരിക്കുന്നു. ഈ ആരോപണങ്ങൾ ശക്തിപ്പെട്ടു വരുമ്പോൾ സമുദായം ആരാന്റെ വീട്ടിലെ അനാഥ മക്കളെപ്പോലെ അന്തംവിട്ട് നിൽക്കുകയാണ്. നസീറിനെ അറസ്റ്റ് ചെയ്ത് രഹസ്യ കേന്ദ്രത്തിലാക്കി അവിടന്ന് ലഭിക്കുന്ന വെളിപാടുകൾ നമ്മുടെ മാധ്യമങ്ങൾ ആഘോഷിക്കുകയാണ്. കിട്ടിയ അളവിൽ നസീറിനെയും അദ്ദേഹത്തിന്റെ പിതാവിനെയും, പിതാവ് പോകുന്ന പള്ളിയെയും പള്ളി പരിപാലിക്കുന്ന സമുദായത്തെയും ചീത്ത വിളിക്കാനും നമ്മുടെ പത്രമാധ്യമങ്ങൾ മത്സരിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തെ ചോദ്യം ചെയ്യുമ്പോൾ കോഴിക്കോട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മുഴുവൻ മുസ്‌ലിം സംഘടനകളുടെയും ഓഫീസുകൾ കാട്ടി ഇതിൽനിന്ന് എവിടെനിന്നാണ് ആർ.ഡി.എക്സ് ചെന്നതെന്ന ചർച്ചകളിലായിരുന്നു നമ്മുടെ ദൃശ്യ മാധ്യമങ്ങൾ. ഇന്ത്യയിലെ മുഴുവൻ സ്ഫോടനങ്ങളുടെയും പിന്നിൽ നസീറാണെന്നതിന് തെളിവുകൾ ലഭിച്ചുകഴിഞ്ഞതായി ഓരോ ചാനലും അഭിമാനത്തോടെ പറയാൻ തുടങ്ങി. ഇതിനിടയിൽ ഹൈക്കോടതി ലൗ ജിഹാദ് ഭൂതത്തെ തുറന്നുവിട്ടു. കോടതിക്ക് സമർപ്പിച്ച 14 റിപ്പോർട്ടുകളും വ്യാജമാണെന്ന് പ്രഖ്യാപിക്കാനും ഹൈക്കോടതി സന്നദ്ധമായി.

കളമശ്ശേരി ബസ് കത്തൽ കേസിലും നസീറിന്റെ പങ്കും സൂഫിയ മഅ്ദനിയെ പ്രതിചേർത്ത പട്ടികയും പോലീസ് പുറത്തുവിട്ടു. ഇതിലെ ഒന്നും രണ്ടും പ്രതികളെവിടെയാണ്? കളമശ്ശേരി ബസ് കത്തിക്കലിലെ പത്താം പ്രതിക്കെന്താണ് ഇത്ര പ്രത്യേകത? അവിടെയാണ് പൊതുമണ്ഡലത്തിന്റെ യുക്തി പ്രവർത്തിക്കുന്നത്. പർദ ധരിച്ച മുസ്‌ലിം സ്ത്രീ ബസ് കത്തിക്കലിലെ മാത്രം പ്രതിയല്ല, ഒരു സമുദായത്തിന്റെ പ്രതീകമാണ്. *മാതൃഭൂമി*യിൽ വന്ന ഒരു കാർട്ടൂൺ ഇതിനുദാഹരണമാണ്. പർദ ധരിച്ച കേരളത്തിന്റെ മാപ്പ് അതിനു നേരെ 'അന്ധകാരത്തിലേക്ക്' എന്ന വാചകവും ചേർത്തു വെച്ചിരിക്കുന്നു. സൂഫിയയിലൂടെയും നസീറിലൂടെയും എന്താണ് നടക്കുന്നതെന്നതിന്റെ മറയില്ലാത്ത പ്രഖ്യാനമായിരുന്നു ആ ചിത്രം. ഇവിടത്തെ ഇടതുപക്ഷത്തിനു പോലും (രാഷ്ട്രീയമായി) മഅ്ദനിയെ സഹായിക്കാൻ സാധിക്കാതെ വന്നതിൽനിന്നും പൊതുബോധത്തിന്റെ പ്രത്യയശാസ്ത്രം എത്ര രൂക്ഷവും സങ്കീർണവുമായിട്ടാണ് പ്രവർത്തിക്കുന്നതെന്ന് ബോധ്യമാവുന്നു. നമ്മുടെ രാഷ്ട്രീയത്തെയും സാഹിത്യത്തെയും സിനിമയെയും പാഠപുസ്തകങ്ങളെയും നിർണയിക്കുന്ന വലിയ ജ്ഞാനപദ്ധതിയെ തിരിച്ചറിയുകയും അതിനെതിരെ പ്രതിരോധം തീർക്കാൻ സാധിക്കുകയും വേണം. ബ്രാഹ്മണിക്കൽ ജ്ഞാനാധികാരത്തിന്റെ നിർണയങ്ങളെ വെല്ലുവിളിക്കാൻ ശക്തിയുണ്ടാവുമ്പോഴാണ് ന്യൂനപക്ഷ കീഴാള രാഷ്ട്രീയത്തിന് നിലനിൽപ്പുണ്ടാവുക. ■

shihabpktrsio@gmail.com